"ഭരണഭാഷ-മാതൃഭാഷ"

No.**DWCD/2424/2025-ICDSB6**


വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം


തീയതി : 06-11-2025


E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534


വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്-അങ്കണവാടി പ്രവർത്തകർക്കുള്ള അധിക സംസ്ഥാന വിഹിതം ഹോണറേറിയം- വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായത് - സംബന്ധിച്ച്:-

സൂചന- സ.ഉ.(കൈ) നം.16/2025/WCDD തീയതി, തിരുവനന്തപുരം, 04-11-2025

സംസ്ഥാനത്തെ അങ്കണവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും അനുവദിച്ചുവരുന്ന പ്രതിമാസ ഹോണറേറിയത്തിന്റെ സംസ്ഥാന സർക്കാർ വിഹിതം 01/11/2025 മുതൽ പ്രാബല്യത്തിൽ 1,000/- രൂപ വീതം വർദ്ധിപ്പിച്ചുകൊണ്ട് സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) ആയതു പ്രകാരം 01/11/2025 മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള ഹോണറേറിയം അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി

ഷീബ. എൽ
അസിസ്റ്റന്റ് ഡയറക്ടർ
പെൻ നമ്പർ - 214211
വനിത ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം 12

ഉള്ളടക്കം : സർക്കാർ ഉത്തരവ്

പകർപ്പ് :-
എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാശിശുവികസന വകുപ്പ്- അങ്കണവാടി സർവീസസ്- അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(കൈ) നം.16/2025/WCDD തീയതി,തിരുവനന്തപുരം, 04-11-2025

---

പരാമർശം:- 1. സ.ഉ(സാധാ)നം. 52/2024/WCDD തീയതി. 05/02/2024

**ഉത്തരവ്**

സംസ്ഥാനത്തെ അങ്കണവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും പരാമർശം (1) പ്രകാരം നൽകിവരുന്ന പ്രതിമാസ ഓണറേറിയത്തിന്റെ സംസ്ഥാന സർക്കാർ വിഹിതം 01/11/2025 മുതൽ പ്രാബല്യത്തിൽ 1,000/- രൂപ വീതം വർദ്ധിപ്പിച്ചുകൊണ്ട് ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

| വിഭാഗം | നിലവിലെ നിരക്ക് | | വർദ്ധനവ് (01/11/2025 മുതൽ പ്രാബല്യം) | |
|---|---|---|---|---|
| | 10 വർഷത്തിൽ താഴെ സേവന കാലയളവുള്ള വർക്ക് | 10 വർഷത്തിലധികം സേവന കാലയളവുള്ള വർക്ക് | 10 വർഷത്തിൽ താഴെ സേവന കാലയളവുള്ള വർക്ക് | 10 വർഷത്തിലധികം സേവന കാലയളവുള്ള വർക്ക് |
| അങ്കണവാടി വർക്കർ | 12500 | 13000 | 13500 | 14000 |
| അങ്കണവാടിഹെൽപ്പർ | 8500 | 9000 | 9500 | 10000 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. ഷർമിള മേരി ജോസഫ്

പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, വനിതാശിശുവികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

പൊതുഭരണ (എസ് സി) വകുപ്പ് (29/10/2025-ന് ചേർന്ന മന്ത്രിസഭാ യോഗതീരുമാനം ഇനം. നം. 3370, ക്രമ നം. 11)
വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Sithara Vijayan
Date: 04-11-2025 14:40:10
സെക്ഷൻ ഓഫീസർ